കെ.പി സൽവ

# മുസ്‌ലിം സ്ത്രീയുടെ വർത്തമാനം

**യുദ്ധവും** കാമവുമായിരുന്നു മുഹമ്മദ് നബി(സ) ആഗതനായ സമൂഹത്തിന്റെ രണ്ട് വ്യവഹാരങ്ങൾ. സംഘട്ടനത്തിൽ മുതൽക്കൂട്ടാവാത്ത സ്ത്രീക്ക് പിന്നെ നിലനിൽപുണ്ടായിരുന്നത് ലൈംഗികതയിൽ മാത്രമായിരുന്നു. സദാചാരം തകർന്ന ലൈംഗിക വ്യവസ്ഥയിൽ സ്ത്രീ ചരക്കിന്റെ സ്ഥാനത്തേക്ക് ഇറക്കി വെക്കപ്പെടുകയും അവൾക്ക് ജീവിക്കാനുള്ള അവസരം പോലും നിഷേധിക്കപ്പെടുകയും ചെയ്തു. അറേബ്യയുടെ സാമൂഹിക, സദാചാര, കുടുംബ, സാമ്പത്തിക ശീലങ്ങളെ ഇസ്‌ലാം ധാർമികതയുടെ ഉന്നത ശ്രേണിയിലേക്കുയർത്തിയപ്പോൾ മികച്ച ദൂരവും വേഗവും സിദ്ധിച്ചത് സ്ത്രീ പദവിക്കായിരുന്നു. ഉപയോഗിച്ച്, കൈമാറ്റം ചെയ്ത് വലിച്ചെറിയാവുന്ന ഉരുപ്പടിയിൽനിന്ന് ആദരിക്കപ്പെട്ട മനുഷ്യനായി അവൾ ഉയർത്തപ്പെട്ടു. സ്ത്രീകൾ സ്ത്രീകളായതിന്റെ പേരിൽ തന്നെ നബി(സ)യുടെ പ്രത്യേക ശ്രദ്ധക്കും പരിഗണനക്കും അർഹരായിത്തീർന്നു. അധികാരത്തിന്റെ പ്രകടഭാവമായ കായികബലം ധാർമികതയുടെ അഭാവത്തിൽ വിവേചനത്തിന് കാരണമാവും. ഈയൊരുൾക്കാഴ്ചയും ദീർഘദൃഷ്ടിയുമായിരിക്കാം നബി(സ)യുടെ നിലപാടിന് കാരണം.

ഇസ്‌ലാം വളർത്തിക്കൊണ്ടുവന്ന വ്യക്തിത്വവും സാമൂഹിക പദവിയും മാനുഷിക സമത്വവും മുസ്‌ലിം സ്ത്രീകൾക്ക് കൈമോശം വന്നിരിക്കുന്നു. ഒരു പക്ഷേ, സച്ചരിത ഖിലാഫത്തിന്റെ അവസാനത്തോടൊപ്പം നഷ്ടപ്പെട്ടു തുടങ്ങിയിരിക്കണം അത്. ഇസ്‌ലാമിനെ പുൽകിയ ജനസമൂഹങ്ങളുടെ പഴയ വിശ്വാസങ്ങളും ആചാരങ്ങളും ഇസ്‌ലാമിക മൂല്യങ്ങളുടെ അരിപ്പയിൽ അരിച്ചെടുക്കപ്പെടുകയുണ്ടായില്ല. ചിലപ്പോഴെങ്കിലും അവയിലെ സ്ത്രീവിരുദ്ധത ഇസ്‌ലാമിലെ സ്ത്രീ ഉദ്ബുദ്ധതയെ വികൃതമാക്കിയതിന്റെ തോതും വേഗതയും ആഴത്തിൽ പഠിക്കേണ്ടതുണ്ട്. ഇസ്‌ലാമിന്റെ ഇതര വശങ്ങൾ പരിഗണിക്കപ്പെട്ട പോലെ എന്തുകൊണ്ട് സ്ത്രീ പദവി പരിഗണിക്കപ്പെട്ടില്ല എന്നതും പ്രയോഗത്തിന്റെ കാര്യത്തിൽ അത് വീണ്ടും പിന്നോട്ടു പോകുന്നത് എന്തുകൊണ്ട് എന്നതും ചിന്തിക്കേണ്ടതുണ്ട്. ഇസ്‌ലാം സ്ത്രീക്ക് നൽകുന്ന പദവിയും കേരളത്തിലെ മുസ്‌ലിം സ്ത്രീകൾ ഇന്നനുഭവിക്കുന്ന ചില പ്രതിസന്ധികളും ചേർത്തുവായിക്കാനുള്ള ഒരു ശ്രമമാണിത്.

പ്രപഞ്ചത്തെയും ജീവിതത്തെയും സമഗ്രമായി ചൂഴ്ന്നുനിൽക്കുന്ന ദർശനമാണ് ഇസ്‌ലാം. നീതിയിലധിഷ്ഠിതമായ മറ്റൊരു ലോകത്തെ മൂർത്തമായി അവതരിപ്പിക്കുന്നുണ്ട് ഈ ദർശനം. ഈ യാഥാർഥ്യമാണ് മുസ്‌ലിം ജീവിതത്തിന്റെ സാമൂഹികത, ചിന്ത, നിയമം തുടങ്ങിയവയുടെ വ്യാകരണം നിശ്ചയിക്കുന്നത്.

വിജാതീയതയുടെ സങ്കലനമാണ് പ്രപഞ്ചം. സ്ഥൂലമോ സൂക്ഷ്മമോ ആയ സമ്പൂർണ സജാതീയത പ്രപഞ്ച നിലനിൽപിനെതന്നെ വെല്ലുവിളിക്കുന്നു. സചേതനവും അചേതനവുമായ എല്ലാം പ്രപഞ്ചത്തിൽ അനുപൂരകങ്ങളാണ്. വിഭിന്നമായ ഘടനയും കർമസാധ്യതകളും അവയെ അതിന് പ്രാപ്തമാക്കുന്നു. സാമൂഹികത സ്വാഭാവികമായിട്ടുള്ള ജീവിവർഗങ്ങളിൽ ഈ അനുപൂരകത്വം വ്യക്തവും വ്യവസ്ഥാപിതവുമാണ്. മുഴു സാമൂഹിക ജീവിയായ മനുഷ്യനും ഇതിൽനിന്നൊഴിവല്ല. ആർജിതമോ നിലീനമോ ആയ ഏത് ഗുണത്തെയും അളവുകോലായെടുത്ത് മനുഷ്യനെ വർഗീകരിക്കാം. ഈ വർഗങ്ങളുടെ കർമശേഷി ചേർന്നു വരുന്ന രസതന്ത്രമാണ് സാമൂഹിക സുസ്ഥിതി സാധ്യമാക്കുന്നത്. ഇസ്‌ലാമിക ദർശനത്തിന്റെ കാമ്പും അതുതന്നെ.

## വ്യക്തിത്വം

ഇസ്‌ലാം സ്ത്രീ പുരുഷന്മാർക്കി

ടയിൽ മാനുഷിക സമത്വം വിഭാവനം ചെയ്യുന്നു. അവർ വിരുദ്ധ ദ്വന്ദങ്ങളല്ല. ഒരേ ഘടനയുടെ അനുപൂരക വശങ്ങളാണ്. വ്യത്യസ്തമായ ഉത്തരവാദിത്വങ്ങൾ നിർവഹിച്ച് ഒരേ ലക്ഷ്യത്തിലെത്തുകയാണ് അവരുടെ നിയോഗം. ബാധ്യതകൾ നിർവഹിച്ച് ജീവിക്കുന്ന സ്ത്രീക്കും പുരുഷന്നും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത് ഒരേ സ്വർഗമാണ്.

ഇസ്‌ലാം സ്ത്രീകൾക്ക് സ്വതന്ത്ര വ്യക്തിത്വം നൽകി. അവരുടെ പേരുകൾ പോലും സ്വന്തം പിതാവിലേക്കാണ് ചേർക്കപ്പെട്ടത് (പുരുഷന്റേതും അതേ). രാഷ്ട്രീയ-ഭരണ മേഖലകളിലും അവൾ സ്വതന്ത്ര വ്യക്തിയായി പരിഗണിക്കപ്പെട്ടു. അവരുടെ ബൈഅത്തും (അനുസരണ പ്രതിജ്ഞ) പ്രതികരണങ്ങളും അഭിപ്രായങ്ങളും പുരുഷന്റേതിന് തുല്യമായിരുന്നു. എന്നാൽ മാനസികവും ശാരീരികവുമായ ജൈവിക ഘടനാ വ്യത്യാസം അനിഷേധ്യ യാഥാർഥ്യമാണ്. അത് വിവേചനമല്ല, മറിച്ച് വിഭിന്ന ബാധ്യതാ നിർവഹണത്തിനുള്ള യോഗ്യതകൾ മാത്രമാണ്. ഈ യോഗ്യതകളുള്ള ഒരു കൂട്ടം ദുർബലരായും ഒരു കൂട്ടം മികച്ചവരായും മനസ്സിലാക്കപ്പെടുന്നതും അവതരിപ്പിക്കപ്പെടുന്നതും മൗലികമായ വൈകല്യമാണ്. പലപ്പോഴും അവകാശനിഷേധത്തിന്റെ ന്യായീകരണം ഈ ഉപബോധത്തിലാണ് ഊറിക്കിടക്കുന്നത്. സ്ത്രീയുടെ സൃഷ്ടി, ശാരീരിക-മാനസിക ക്ഷമത, വികാരം, വിചാരം എന്തിനേറെ വാക്കുകൾ പോലും നമ്മുടെ എഴുത്തുകളിലും സംസാരങ്ങളിലും ദൗർബല്യം, ന്യൂനത, അധമത്വം തുടങ്ങിയ വാക്കുകളോട് ചേർക്കപ്പെടുന്നു. ഈ പ്രവണത മാറ്റി അവരുടെ പ്രത്യേകതകളെ സഹജമായ കഴിവുകളായും ബാധ്യതാ നിർവഹണത്തിന്റെയും സാമൂഹികപൂരണത്തിന്റെയും യോഗ്യതകളായും അവതരിപ്പിക്കണം. എങ്കിൽ മാത്രമേ അവരെ ചിന്തയുടെയും പ്രായോഗികതയുടെയും ഉയരത്തിലേക്ക് സാമൂഹികവൽക്കരിക്കാനാവൂ. 'ഇണ' എന്ന് ഉപയോഗിക്കുന്നിടത്തും ഉണ്ട് ഈ വിമ്മിട്ടം. ദാമ്പത്യബന്ധത്തെ സൂചിപ്പിക്കുന്ന ഇടങ്ങളിലൊഴിച്ച്, മുസ്‌ലിം ദമ്പതിമാരും ഭാര്യാ ഭർത്താക്കന്മാരാണ്, ഇണകളല്ല. ബോധപൂർവമായ ചില തിരുത്തിയെഴുതലുകൾക്ക് 'ഇണ' എന്ന പദം വിഭാവനം ചെയ്യുന്ന സമത്വം പദവി തിരികെ കൊണ്ടുവരുന്നതിൽ വലിയ പങ്ക് വഹിക്കാൻ സാധിക്കും.

## കുടുംബം

ഇസ്‌ലാമിന്റെ സാമൂഹിക ഘടനയിൽ കുടുംബത്തിന്റെ സ്ഥാനം മനുഷ്യന്റെ ജനനത്തിൽ ഗർഭപാത്രത്തിന്റേതിന് തുല്യമാണ്. ഇസ്‌ലാം രണ്ടിനേയും ഒരേ പേര് വിളിക്കുന്നു. രണ്ടും പാകപ്പെടുത്തലുകൾക്കുള്ള ഇടമാണ്. സ്വതന്ത്രമായ നിലനിൽപില്ലാത്ത രണ്ട് വസ്തുക്കളെ സംയോജിപ്പിച്ച് മനുഷ്യനാക്കി ഭൂമിയിലെ ജീവിതത്തിന് പാകപ്പെടുത്തുന്നു ഗർഭപാത്രം. നിശ്ചിത സ്വഭാവമില്ലാത്ത കുഞ്ഞിനെ സാമൂഹിക ജീവിതത്തിന് പാകമാക്കുന്നു കുടുംബം. ഈ കുടുംബത്തിൽ പരസ്പരസ്നേഹവും ആദരവും അംഗീകാരവും വിധേയത്വവും പൊരുത്തപ്പെടലും താങ്ങും തിരുത്തലും ഉണ്ടാവണം. അപ്പോഴാണ് കുടുംബങ്ങൾ വിജയിക്കുക.

കുടുംബ ഘടനയിലെ അധികാരവും അതിന്റെ സ്വഭാവവും വിലയിരുത്തപ്പെടേണ്ടതുണ്ട്. ഏതൊരു സമൂഹിക സ്ഥാപനവും നിലനിൽക്കണമെങ്കിൽ അതിനൊരു ഘടനയുണ്ടായിരിക്കണം. അവയിലെ ഘടകങ്ങൾക്കിടയിൽ സ്വാഭാവികമായ അധികാരവിന്യാസം സാധ്യമാവണം, അധികാരത്തിൽ ഏറ്റക്കുറച്ചിലുകളും നിലനിൽക്കണം. ഒന്നാമതായി ഈ അധികാരം മനുഷ്യനിൽ നിലീനമല്ല, ഏൽപിക്കപ്പെട്ടതാണ്. രണ്ടാമതായി, അത് നിരുപാധികമല്ല; ഏതെങ്കിലും വിധത്തിലുള്ള ആനുകൂല്യമോ പദവികളോ നേട്ടമോ അനുഭവിക്കാനുള്ളതല്ല. മറിച്ച് താൻ നയിക്കുന്ന സംഘത്തിന്റെ സുസ്ഥിതി ഉറപ്പു വരുത്താനുള്ള ഉത്തരവാദിത്വമാണ്. അവരെ കെട്ടിയിടാനോ പീഡിപ്പിക്കാനോ അടിമകളാക്കാനോ ഉള്ള പ്രമാണവുമല്ല അത്. ഓരോ ഭരണീയന്റെയും പരാതി ദൈവത്തിങ്കൽ ഉത്തരം നൽകേണ്ട ഒരു ബാധ്യതയാണ്. അതുകൊണ്ട് ഇസ്‌ലാമിക സമൂഹത്തിൽ നായകത്വം ഒരു പ്രലോഭനമാകുന്നില്ല. അധികാരങ്ങൾ ഏറ്റുമുട്ടാതെ, തോൽപിക്കപ്പെടാതെ സക്രിയമാകുമ്പോഴാണ് മുസ്‌ലിം കുടുംബത്തിലെ ശൂറാ സ്വഭാവം വാഴ്ത്തപ്പെടുന്നത്. അധികാരത്തിന്റെ ഈ സ്വഭാവം മനസ്സിലാക്കുന്നിടത്തോ പ്രയോഗിക്കുന്നിടത്തോ വരുന്ന വീഴ്ച മുസ്‌ലിം കുടുംബങ്ങളെ പുരുഷാധികാരത്തിന്റെ പ്രശ്നമേഖലകളാക്കുന്നു. വീടകങ്ങളിൽ സ്ത്രീകളും കുട്ടികളും മാനസികമായി പ്രയാസപ്പെടുന്നു.

ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ കേരള പഠനം മുസ്‌ലിം കുടുംബങ്ങളിലെ കൂടിയാലോചനയുടെ തോതിനെക്കുറിച്ച് ഒരു ചിത്രം നൽകുന്നുണ്ട്. ഗൃഹനിർമാണം, ഗാർഹിക പണവിനിയോഗം, കുട്ടികളുടെ പഠനം എന്നീ വിഷയങ്ങളിൽ യോജിച്ച തീരുമാനമെടുക്കുന്നതിൽ മുസ്‌ലിംകളുടെ ശതമാനം 66%, 56.2%, 65.5% എന്നിങ്ങനെയാണ്. ശരാശരി 63%. ഈ ശരാശരി ക്രിസ്ത്യൻ, ഹിന്ദു വിഭാഗങ്ങളിൽ യഥാക്രമം 76%, 70.6% എന്നിങ്ങനെയും. ഇതിനോട് ചേർത്തു വായിക്കേണ്ടതാണ് പുറത്ത് ജോലിചെയ്ത് സമ്പാദിക്കുന്നവരിൽ മുസ്‌ലിം സ്ത്രീകൾ വളരെ പിന്നിലാണ് എന്നതും (കേരള പഠനം, സച്ചാർ കമ്മിറ്റി റിപ്പോർട്ട്).

ഗർഭധാരണം, പ്രസവം, മുലയൂട്ടൽ തുടങ്ങിയ പ്രഥമ ഘട്ടങ്ങൾ കഴിഞ്ഞാൽ കുഞ്ഞിന്റെ സാമൂഹികവൽക്കരണത്തിൽ മാതാവിന്റെ പങ്ക് വളരെ വലുതാണ്. അത്രതന്നെ വലുതാണ് പിതാവിന്റേതും. രണ്ടു പേരും റോൾ മോഡലുകൾ ആയിരിക്കേണ്ടതുണ്ട്. കുഞ്ഞുങ്ങളുടെ സാമൂഹികവൽക്കരണമെന്ന പ്രക്രിയ മാതാക്കളെയും മദ്റസകളെയും ഏൽപിച്ചുകൊടുത്ത് രാത്രിയിലോ ലീവ് കിട്ടുമ്പോഴോ മാത്രം പ്രത്യക്ഷനാവുന്ന, സാമ്പത്തിക ബാധ്യതകൾ മാത്രം ഏൽക്കുന്ന പിതാവിന് സമുദായത്തിന്റെ ധാർമിക-സദാചാര പതനത്തിൽ ഉത്തരവാദിത്വമില്ലേ? അനിവാര്യതകളോട് രാജിയാവേണ്ടതുണ്ട്. പക്ഷേ അത് നിസ്സംഗരായിക്കൊണ്ടല്ല, ക്രിയാത്മകമായ പുതുവഴികൾ തേടിക്കൊണ്ടാണ്. ഇരു വശത്തേക്കും ഇടമുറിയാതെ ഒഴുകുന്ന ഒന്നായിരിക്കണം ഇങ്ങനെ 'അപ്രത്യക്ഷരാവുന്നവരും' കുടുംബവും തമ്മിലുള്ള ബന്ധം.

വിവാഹമാണ് കുടുംബത്തിലേക്ക് നീളുന്നത്. ആത്യന്തികമായി വിവാഹം ദൈവത്തിലേക്കെത്തുന്ന പ്രതിജ്ഞയാണ്. മനുഷ്യവർഗത്തിന്റെ നിലനിൽപും സാമൂഹിക സുസ്ഥിതിയും മുൻനിർത്തി ജീവിതാന്ത്യം വരെ തന്റെ കഴിവുകൾ വിനിയോഗിക്കുമെന്ന പ്രതിജ്ഞ. സത്യസാക്ഷ്യത്തിലൂടെ ലഭ്യമാവുന്ന ഇസ്‌ലാമിന്റെ പകുതിയായും, കഴിവുള്ളവന്റെ നിർബന്ധ ബാധ്യതയായും വിവാഹം മാറുന്നത് അപ്പോഴാണ്. ഈ നിർബന്ധ ബാധ്യതകളിൽനിന്ന് സ്ത്രീകളിൽ ഒരു വിഭാഗം മാറ്റിനിർത്തപ്പെട്ടിരിക്കുന്നു. തികച്ചും തന്റേതല്ലാത്ത കാരണത്താൽ. ഇസ്‌ലാം വിഭാവനം ചെയ്യുന്ന സാമൂഹിക-കുടുംബ വ്യവസ്ഥകളെ ശരിക്കറിയായ്കയാൽ. ഇതര ദർശനങ്ങളുടെയും സമ്പ്രദായങ്ങളുടെയും കണ്ണിലൂടെ വിവാഹത്തെ കാണുന്ന കാരണത്താൽ. നിലനിന്നുപോരുന്ന തെറ്റായ സൗന്ദര്യ സാമ്പത്തിക പരിഗണനകൾക്ക് പുറമെയാണിത്.

ഇണകളിൽ പുരുഷന്റെ പേര് സ്ത്രീയുടെ പേരിന് പിന്നിൽ തൂക്കിയിടുന്നു. അവൻ തന്നേക്കാൾ വിദ്യാഭ്യാസവും വരുമാനവും കുറഞ്ഞവരെ താൽപര്യപ്പെടുന്നു. തന്നേക്കാൾ വലുപ്പവും പ്രായവും കൂടിയവരെ ഇണയാക്കാൻ പ്രയാസപ്പെടുന്നു. പേരിൽ വാലുവെക്കലും വിദ്യാഭ്യാസവും വേണ്ടെന്നു വെക്കാം, വലുപ്പവും പ്രായവും ആര് തീരുമാനിക്കും? പുരുഷന്മാരേക്കാൾ നീളമുള്ള പെണ്ണുങ്ങൾ വിവാഹിതരാകേണ്ടതില്ലേ? ഇതി

നേക്കാൾ വിചിത്രമാണ് പ്രായഭേദം. മനുഷ്യന് പ്രകൃതി നിശ്ചയിച്ച കണക്ക് ഒരാണിന് ഒരു പെണ്ണ് എന്നതാണ്. സ്വാഭാവികമായും ഇണകളാകേണ്ടത് ഒരേ പ്രായത്തിലുള്ളവരായിരിക്കണം. എന്നാൽ പുരുഷന്റെ നാലോ അഞ്ചോ വയസ്സ് (ആറാണത്രെ ഏറ്റവും അഭികാമ്യം?) കുറഞ്ഞവളായിരിക്കണം സ്ത്രീ എന്നാണ് നാട്ട് നടപ്പ്. 25 വയസ്സുള്ള പുരുഷന് 20 വയസ്സ് വരെയുള്ള സ്ത്രീകളെ തെരഞ്ഞെടുക്കാം. 20 വയസ്സുള്ള സ്ത്രീക്ക് 25-ന് മേലെ നിന്നുമാത്രം-അഞ്ച് കൊല്ലങ്ങളുടെ വിടവ്!

വിവാഹശേഷം ഇണയുടെ താവളത്തിലേക്ക് കൂടുമാറുന്നവരാണ് സ്ത്രീകൾ. തന്റെ ശീലങ്ങളോടും അഭിരുചികളോടും വിടപറഞ്ഞ് തികച്ചും വ്യത്യസ്തമായ ചുറ്റുപാടുകളോട് അവൾക്ക് ഇണങ്ങിച്ചേരേണ്ടിവരുന്നു. അവിടെ സ്ത്രീ ആദരിക്കപ്പെടാനും അവകാശങ്ങൾ ഹനിക്കപ്പെടാതിരിക്കാനും ഇസ്‌ലാം മുന്നോട്ടുവെക്കുന്ന രണ്ട് കാര്യങ്ങളാണ് മഹ്റും വിവാഹ ഉടമ്പടിയും. രണ്ടാമത്തേത് ഇനിയും ഇവിടെ വളർന്നുവന്നിട്ട് വേണം. എന്നാൽ മഹ്റിന് മറ്റ് ചില തലങ്ങൾ കൂടിയുണ്ട്. കുടുംബത്തിന്റെ സാമ്പത്തിക മാതൃത്വ ബാധ്യതകളുടെ പ്രതീകം കൂടിയാണത്. അതുപോലെത്തന്നെ സ്ത്രീയുടെ സ്വീകാര്യതയുടെ അടയാളവുമാണ്. അതുകൊണ്ടാണ് മഹ്റ് നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യം അവൾക്ക് നൽകിയതും. അതിന് മൂർത്തമായ രൂപമോ നിശ്ചിത അളവോ ഇല്ലാതെ പോയതും, കുന്നോളം നൽകിയാലും അധികമാവാത്ത മഹ്ർ, മനസ്സറിഞ്ഞ ഒരു വിട്ടുകൊടുക്കലിലൂടെയും സാധുവാകുന്നതും. മഹ്റിനെ വാക്കുകളിലും സ്വർണത്തിലുമൊതുക്കിയപ്പോൾ അവിടെ 'സ്ത്രീ വിരുദ്ധമായ ധനം' കയറിയിരുന്നു. വിവാഹത്തെ കച്ചവടമാക്കി മാറ്റുന്ന ഈ ഏർപ്പാടിനെ മാന്യമായി വിശേഷിപ്പിക്കാനാവുക അശ്ലീലം എന്നാണ്. ഈ അശ്ലീലത്തിന്റെ 'സകാത്ത്' ആര് നൽകണം എന്നതാണത്രെ ഇപ്പോഴത്തെ ചർച്ച. ബശീറിന്റെ ചോദ്യം ഇന്നും പ്രസക്തമാണ്; 'മുസ്ഹഫ് കക്കുന്നവന് ഒളു നിർബന്ധമുണ്ടോ?'

സാമൂഹിക സുസ്ഥിതി പ്രതീക്ഷിക്കുന്ന ആരെയും പ്രയാസപ്പെടുത്തുന്നതാണ് ത്വലാഖും ബഹുഭാര്യാത്വവും. ഇവയുടെ തോത് സമുദായത്തിന്റെ അജ്ഞതയെയും മാറുന്ന കാഴ്ചപ്പാടിനെയും ഒരുപോലെ സൂചിപ്പിക്കുന്നുണ്ട്. വിവാഹമോചനവും ബഹുഭാര്യാത്വവും നിയന്ത്രണവിധേയമല്ലാത്ത അവകാശമായി ഗണിക്കുന്ന വിവരക്കേട് ഇസ്‌ലാമിന്റെ മുഖത്തിന് കടുത്ത മങ്ങലേൽപിച്ചിട്ടുണ്ട്. ഉപാധികളോടെ അനുവദിക്കപ്പെടുകയും ശക്തമായ ഭാഷയിൽ നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്ന നിയമങ്ങൾ ആശാസ്യതയോടല്ല, അനാശാസ്യതയോടാണ് ചേർന്നു നിൽക്കുന്നത്. ഖുർആൻ ഓതിയാൽ മതി, ഗ്രഹിക്കേണ്ടതില്ലെന്ന് പറയുന്നവർ ഇത് മനസ്സിലാക്കിയെങ്കിലേ അത്ഭുതമുള്ളൂ. സമുദായത്തിൽനിന്ന് പൂർണമായി നാടുനീങ്ങിയ ഒന്നാണ് വിവാഹമോചനത്തിന്റെ ഘട്ടങ്ങൾ. സമവായത്തിനും അനുരഞ്ജനത്തിനുമുള്ള അവസരം, വിശകലനത്തിനും പുനർവിചിന്തനത്തിനുമുള്ള സമയം, ഇണകളുടെ സാമീപ്യം കൊണ്ട് വരാവുന്ന ഇണക്കം തുടങ്ങിയവയെല്ലാം ഇസ്‌ലാം മുന്നോട്ടുവെച്ചത് വിവാഹമോചനത്തിന്റെ ഭവിഷ്യത്തും മനുഷ്യ പ്രകൃതിയും പരിഗണിച്ചുകൊണ്ടാണ്. ഇല വന്ന് മുള്ളിൽ ചാടിയാലും മുള്ള് ചെന്ന് ഇലയിൽ ചാടിയാലും കേട് ഇലക്ക് മാത്രമല്ല സമൂഹത്തിന് മൊത്തമാണെന്ന തിരിച്ചറിവ് നമുക്കുണ്ടാവണം.

വിവാഹം ധന, കാമ മോഹങ്ങളെ തൃപ്തിപ്പെടുത്താനുള്ള അംഗീകൃത മാർഗമായി മാറുമ്പോൾ നാലു കെട്ടാനുള്ള അവസരം ഉപാധികൾകൊണ്ട് നിയന്ത്രിക്കപ്പെടുകയില്ല.

## സമൂഹം

ഇസ്‌ലാമിന്റെ സുവർണ ഘട്ടങ്ങളിൽ സമൂഹ നിർമിതിയിൽ സ്ത്രീകളും പങ്കുവഹിച്ചു. ജ്ഞാനസമ്പാദനം, തൊഴിൽ, സാമൂഹിക പ്രവർത്തനം എന്നിവക്കെല്ലാം അവരുടേതായ ഇടങ്ങളുണ്ടായിരുന്നു. നബി(സ)യുടെ സദസ്സുകളിൽ പങ്കെടുത്ത് അവർ സമൂഹത്തോടൊപ്പം നമസ്കരിച്ചു, യുദ്ധം ചെയ്തു. ഭരണനിർവഹണത്തിൽ അവരുടെ അഭിപ്രായങ്ങളും പരിഗണിക്കപ്പെട്ടു. അവരുടെ ഇടപെടലുകൾ ഇസ്‌ലാമിക ചരിത്രത്തിൽ ഇടം പിടിക്കുകയും ചെയ്തു. ഇവിടെയൊന്നും അവർ വേർതിരിവ് അനുഭവിച്ചില്ല. എത്രത്തോളമെന്നാൽ തന്റെ ഇണയുടെ വൈരൂപ്യത്തെക്കുറിച്ചും ലൈംഗികശേഷിക്കുറവിനെക്കുറിച്ചും നബി(സ)യുടെ സദസ്സിൽ വന്ന് നിസ്സങ്കോചം പരാതി പറയാൻ സാധിച്ചിരുന്ന സാമൂഹിക അന്തരീക്ഷം അന്ന് നിലനിന്നിരുന്നു.

സ്ത്രീ അറിവുള്ളവളായിരിക്കണം. തലമുറയെ നെല്ലും പതിരും തിരിച്ചറിയുന്നവരായി വളർത്തണമെങ്കിൽ അവൾ സ്വയം തന്നെ അങ്ങനെയായിരിക്കണം. ലോകപരിചയവും വിശകലനശേഷിയുമുണ്ടായിരിക്കണം. ഔപചാരിക വിദ്യാഭ്യാസം വലിയൊരളവോളം അവളെ അതിന് പ്രാപ്തയാക്കുന്നുണ്ട്. എന്നാൽ മുസ്‌ലിം പെണ്ണിന്റെ വിദ്യാഭ്യാസ നിലവാരം ഇന്നും താഴേ പടിയിൽ തന്നെയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തെത്തുമ്പോൾ പ്രശ്നം കൂടുതൽ സങ്കീർണമാവുന്നു. നേരത്തേയുള്ള വിവാഹം, കൂടുതൽ പഠിച്ചാൽ ഇണയെ ലഭിക്കില്ലെന്ന യാഥാർഥ്യം, വിവാഹത്തോടെ അവസാനിക്കേണ്ടതാണ് പഠനമെന്ന ധാരണ തുടങ്ങിയവയെല്ലാം ഇതിന് കാരണമാവുന്നുണ്ട്.

ജോലിയുടെ സാധ്യതകൾ ആരായുന്നതിൽനിന്ന് ഇസ്‌ലാം സ്ത്രീയെ വിലക്കുന്നില്ല. അധ്വാനശേഷി ഉപയോഗ്യമാക്കാനും സമ്പാദിക്കാനും അത് പ്രോത്സാഹിപ്പിക്കുന്നുണ്ട്. എന്നാൽ സ്ത്രീയുടെ പ്രഥമദൗത്യമായ മാതൃത്വത്തിനും അതിലൂടെ വളർന്ന് വരേണ്ട സാമൂഹിക നന്മക്കും പോറലേൽപ്പിക്കും വിധം ജോലി മുസ്‌ലിം സ്ത്രീയുടെ ജീവിതലക്ഷ്യമായിരിക്കരുത്. തൊഴിൽ ചെയ്ത് കുടുംബം പുലർത്താത്ത പുരുഷൻ എത്രമാത്രം വിമർശിക്കപ്പെടുമോ അത്രമാത്രം അഭിശംസിക്കപ്പെടേണ്ടതുണ്ട് മാതൃത്വത്തെ അവഗണിക്കുന്ന സ്ത്രീയും. സ്വന്തം ശരീരം കൊണ്ടും മനസ്സ് കൊണ്ടും വളർത്തിയെടുക്കേണ്ട പാൽപൈതങ്ങളെ കൂലിക്കൈകളിലേൽപിച്ചുകൊടുക്കുമ്പോഴുള്ള ഹൃദയവേദന ശമിപ്പിക്കാൻ വേതനത്തിനാവുകയില്ല. കുഞ്ഞിന്റെ ഓരോ ചലനത്തിലും പ്രാർഥനാനിർഭരമായ മനസ്സോടെ ജീവിതസംസ്കാരം ചാലിച്ചെടുക്കാൻ 'നിവൃത്തികേടുകൊണ്ട് കുഞ്ഞിനെ നോക്കുന്നവർക്ക്' സാധിക്കുകയില്ല. മാതൃ ഗന്ധത്തിൽനിന്ന കറ്റപ്പെട്ട കുഞ്ഞിന്റെ അരക്ഷിതത്വവും ഭയവും, ഒത്തുകിട്ടിയ ഒരാളുടെ കൈകളിൽ ഒടുങ്ങുകയില്ല. കൂട്ടിക്കിഴിക്കലുകൾക്കൊടുവിൽ ഒരു തലമുറ സൈബർ കഫേകളിലും ബിയർ പാർലറുകളിലും ശരീരത്തിന്റെ തൃഷ്ണകളിലും അഭയം കണ്ടെത്തുമ്പോൾ വൃദ്ധസദനങ്ങൾ അക്ഷരാർഥത്തിൽ തന്നെ അഭയകേന്ദ്രങ്ങളായി മാറും.

നിലവിലുള്ള ഒരു തൊഴിൽ ഘടനയും സ്ത്രീയുടെ മാതൃത്വത്തെ പൂർണമായി പരിഗണിക്കുന്നില്ല. പുറത്തു പോയി ജോലിചെയ്യേണ്ടിവരുന്ന സ്ത്രീ അത്രതന്നെ വീട്ടിനകത്തും ജോലി ചെയ്യേണ്ടിവരുന്നു. മാതൃത്വത്തെ പരിപോഷിപ്പിക്കും വിധം തൊഴിൽ ഘടന മാറേണ്ടതുണ്ട്. ജീവിതനിലവാരം ഉയർത്തുക, സ്വന്തമായി നിലനിൽപുണ്ടാവുക, അറിവും കഴിവും വളർത്തിയെടുക്കുക തുടങ്ങിയ

വയാണ് ജോലികൊണ്ട് സാധ്യമാവുന്നത്. ഒരു മുസ്‌ലിമിനെ സംബന്ധിച്ചേടത്തോളം ജീവിതനിലവാരത്തിന്റെ മാനദണ്ഡം ലാളിത്യമാണ്. ഉള്ളതുകൊണ്ട് തൃപ്തിയടയാനുള്ള മനസ്സാണ് വളർത്തിയെടുക്കേണ്ടത്. കുടുംബത്തിനകത്തും പുറത്തും സ്ത്രീകൾക്ക് ശരിയായ ഇടം ലഭിക്കേണ്ടതുണ്ട്. സമ്പാദിച്ചുകൊണ്ട് വരുന്നവർക്കേ വീട്ടിൽ ശബ്ദവും സ്ഥാനവുമുള്ളൂവെന്ന അവസ്ഥ മാറണം (മാതൃത്വം രണ്ടാം തരമാണെന്ന ചിന്ത ഇതിന്റെ കൂടി ഉപോൽപന്നമാണ്). സ്ത്രീയുടെ സമ്പാദ്യവും സ്വത്തും ആര് ചെലവാക്കുന്നു എന്നതും ചർച്ച ചെയ്യപ്പെടണം. അറിവും കഴിവും വളർത്താൻ തൊഴിൽ ഒരേയൊരു മാർഗമല്ലെന്നും നാം അറിയണം. തൊഴിലിന്റെ വിവക്ഷ തന്നെ മാറേണ്ടതുണ്ട്. അപ്പവും അച്ചാറും വിൽക്കുമ്പോഴും, സാങ്കേതിക വിദ്യകളെ വീട്ടിനകത്തിരുന്ന് ഉപയോഗപ്പെടുത്തുമ്പോഴും പണം സമ്പാദിക്കാനും അറിവും കഴിവും വളർത്താനും സാധിക്കുന്നുണ്ടെന്നത് ഒരു തിരിച്ചറിവാണ്. ഇതോടൊപ്പം തന്നെ ചിന്തിക്കേണ്ടതാണ്, വീട്ടിൽ വെറുതെയിരിക്കുന്ന 'അധ്വാനശേഷി' സമയം എങ്ങനെ വിനിയോഗിക്കുന്നു എന്നതും. വിഡ്ഢിപ്പെട്ടിക്കു മുന്നിൽ ഉപഭോഗം പഠിക്കുന്ന പ്രതിഷ്ഠകളാണ് മിക്കവരും. ഭോഗസംസ്കാരത്തിന്റെ കാലത്ത് നിത്യോപയോഗ വസ്തുക്കളിൽ സ്വയംപര്യാപ്തത നേടാൻ അധ്വാനശേഷിയും സമയവും ഉപയോഗപ്പെടുത്താൻ സാധിക്കണം.

സ്ത്രീകളുടെ സാമൂഹിക പ്രവർത്തനവും സമാന പ്രതിസന്ധിക്ക് കാരണമാവുന്നില്ലേ എന്ന ചോദ്യം പ്രസക്തമാണ്. തീർച്ചയായും മാതൃത്വത്തെ അതിന്റെ പൂർണതയിലെത്തിക്കുക എന്നതാണ് സ്ത്രീകളിൽനിന്ന് പ്രതീക്ഷിക്കുന്ന ഒന്നാമത്തെ സാമൂഹിക സേവനം. അതിനെ മറന്നുകൊണ്ടുള്ള സാമൂഹിക സേവനം കഴമ്പില്ലാത്തതും ലക്ഷ്യത്തിലെത്താൻ ശേഷിയില്ലാത്തതുമായിരിക്കും. തൊഴിലും സാമൂഹിക പ്രവർത്തനവുമായുള്ള പ്രധാന വ്യത്യാസം, ആദ്യത്തേത് സ്ഥലകാലബന്ധിതമാണെങ്കിൽ രണ്ടാമത്തേത് ജീവിത ചുറ്റുപാടുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ്. തൊഴിൽ ഒരു നിർണിത ചട്ടക്കൂടിൽ ചെയ്യേണ്ടിവരുമ്പോൾ സാമൂഹിക പ്രവർത്തനം വ്യക്തികളോ കൂട്ടായ്മകളോ നിശ്ചയിക്കുന്നതാണ്. ആദ്യത്തേത് ജന്മബാധ്യതയെ നിരാകരിക്കുമ്പോൾ രണ്ടാമത്തേത് ജീവിത ദൗത്യത്തെ സാധൂകരിക്കുന്നു. സ്ത്രീ പൊതുരംഗത്ത് വരുന്നതിനെ വിമർശിക്കുന്നവർ അവൾ തൊഴിലെടുക്കാൻ നിർബന്ധിക്കപ്പെടുന്നതിനെക്കുറിച്ച് ഒന്നും മിണ്ടുന്നില്ല.

18 മുതൽ 60 വയസ്സ് വരെയുള്ള മുസ്‌ലിം സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 8 ശതമാനത്തിൽ താഴെയാണ്. ബാക്കി 92 ശതമാനം ആരോഗ്യവും സമയവും എങ്ങനെ വിനിയോഗിക്കുന്നു എന്നത് പരിശോധിക്കേണ്ടതുണ്ട്. അവരുടെ ചിന്ത, വായന, കാഴ്ച, പഠനം, രീതികൾ എന്നിവ നിശ്ചയിക്കുന്നതാരാണെന്നും അറിയേണ്ടതുണ്ട്. വലിയൊരു ശതമാനത്തിന്റെയും സമയം ടെലിവിഷനിൽ നിക്ഷേപിച്ചിരിക്കുന്നു, ആരോഗ്യവും അധ്വാനശേഷിയും അടുക്കളയിൽ രുചിഭേദങ്ങൾ പരീക്ഷിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്നു. വസ്ത്രം പർദാ നിർമാതാക്കൾ തീരുമാനിക്കുന്നു. വായനയും കാഴ്ചയും പെൺമാസികകളിൽ പരിമിതപ്പെടുന്നു. പഠനം വിവാഹത്തോടെ ഉപേക്ഷിക്കപ്പെടുന്നു. സ്വയമറിയാതെ ജീവിച്ചുതീരുന്ന ഈ ജന്മങ്ങളിൽനിന്ന് നാം പ്രതീക്ഷിക്കുന്നതോ? അധിനിവേശത്തെ ചെറുക്കുന്ന, അടിമത്തത്തെ തൂത്തെറിയുന്ന, അധഃസ്ഥിതരെ മോചിപ്പിക്കുന്ന, ലോകത്തെ തിരുത്താൻ കെൽപുള്ള തലമുറകളെയും!

മുസ്‌ലിം സഹോദരിമാരേ, കമ്പോളത്തിന്റെ ചതിക്കുഴികളിൽനിന്ന് പുറത്തുകടക്കാതെ, അറിവിന്റെ ആകാശം തേടാതെ, വികാരത്തിന് പുറത്തേക്ക് കാഴ്ചയെ കൊണ്ടുപോവാതെ, തന്റെ പദവിയെക്കുറിച്ചും ബാധ്യതകളെക്കുറിച്ചുമറിയാതെ, സർവോപരി ചിന്താശേഷി വളർത്തിയെടുക്കാതെ ഇസ്‌ലാം വിഭാവനം ചെയ്യുന്ന മാനുഷികസമത്വവും സാമൂഹിക സുസ്ഥിതിയും നമുക്ക് സാക്ഷാൽക്കരിക്കാനാവില്ല, തീർച്ച. ●

*(ഗേൾസ് ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റാണ് ലേഖിക).*